**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3599** **05-08-2021 - ൽ മറുപടിയ്ക്ക്**

**കശുവണ്ടി വികസനകോർപ്പറേഷനും കാപ്പെക്സിനും സർക്കാർ സഹായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം നൗഷാദ് | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷനും കാപ്പെക്സിനും സാമ്പത്തികസഹായം നല്കണമെന്ന ആവശ്യം സർക്കാർ മുമ്പാകെയുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (എ) | ഉണ്ട്. 2021 വർഷത്തെ ബോണസ് നൽകുന്നതിനായി 12 കോടി രൂപയുടെ സർക്കാർ ധനസഹായം കോർപ്പറേഷൻ ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ 222.07 കോടി രൂപയുടെ സാമ്പത്തിക സഹായം ആവശ്യപ്പെട്ടിട്ടുണ്ട്. കാപ്പെക്സിന് കീഴിലുള്ള കശുവണ്ടി ഫാക്ടറികളിലെ പിരിഞ്ഞുപോയ തൊഴിലാളികൾക്ക് 2016 മുതൽ 2020 വരെയുള്ള കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുന്നതിന് 8.47 കോടി രൂപയും മുൻകാല ഉടമകളുടെ സമയത്തുള്ള ഗ്രാറ്റുവിറ്റി കുടിശ്ശിക ആവശ്യപ്പെട്ടുള്ള കോടതി കേസുകളിൽ തൊഴിലാളികൾക്ക് അനുകൂലമായി വിധി വന്ന വകയിൽ 1 കോടിയ്ക്ക് മുകളിലുള്ള തുകയുൾപ്പെടെ ആകെ 9.57 കോടി രൂപ ആവശ്യപ്പെട്ട് കാപ്പക്സ് സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. 2021 വർഷത്തെ ബോണസ് നൽകുന്നതിനായ 4.65 കോടി രൂപയും സർക്കാർ ധനസഹായം കാപ്പക്സ് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | കഴിഞ്ഞ പത്ത് സാമ്പത്തികവർഷങ്ങളിൽ പ്രസ്തുത സ്ഥാപനങ്ങൾക്ക് സർക്കാർ നല്കിയ സാമ്പത്തിക സഹായം വർഷം തിരിച്ച് വെളിപ്പെടുത്താമോ; | (ബി) | കഴിഞ്ഞ പത്ത് വർഷങ്ങളിൽ സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന് സർക്കാർ നൽകിയസാമ്പത്തിക സഹായം വർഷം തിരിച്ചുള്ള കണക്ക് അനുബന്ധം - I ലും കാപ്പക്സിന് നൽകിയിട്ടുള്ള സാമ്പത്തിക സഹായം അനുബന്ധം II ലും ചേർത്തിരിക്കുന്നു. |
| (സി) | പ്രസ്തുത സാമ്പത്തിക സഹായത്തിന്റെ വിനിയോഗം സംബന്ധിച്ച് മേൽ സ്ഥാപനങ്ങൾ സമർപ്പിച്ച റിപ്പോർട്ടിലെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | (സി) | കശുവണ്ടി വികസന കോർപ്പറേഷനും കാപ്പക്സിനും സർക്കാരിൽ നിന്നു നൽകിയ സാമ്പത്തിക സഹായം നിശ്ചിത പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്. പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച ധനവിനിയോഗ സ്റ്റേറ്റ്മെന്റും ധനവിനിയോഗ സാക്ഷ്യപത്രവും കശുവണ്ടി വികസന കോർപ്പറേഷൻ സമർപ്പിച്ചിട്ടുണ്ട്. 2011-12 മുതൽ 2020-21 കാലയളവ് വരെയുള്ള സർക്കാർ സാമ്പത്തിക സഹായങ്ങളുടെ (2020-21 |

| | | | |
|---|---|---|---|
| | | | കാലയളവിലെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള 3.50 കോടി രൂപഒഴികെ) ധനവിനിയോഗ സ്റ്റേറ്റ്മെന്റും ധനവിനിയോഗ സാക്ഷ്യപത്രവും കാപ്പക്സ് സമർപ്പിച്ചിട്ടുണ്ട്. തൊഴിലാളികളുടെ ഗ്രാറ്റുവിറ്റി കുടിശ്ശിക നൽകുവാനുള്ള ധനസഹായമായ 3.50 കോടി രൂപയുടെ വിതരണം പൂർത്തിയായിട്ടില്ലാത്തതിനാൽ ടി തുകയുടെ വിവരങ്ങൾ ലഭിച്ചിട്ടില്ല. |
| (ഡി) | പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച് സർക്കാർ നിലവിൽ ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ? | (ഡി) | പ്രസ്തുത ധനവിനിയോഗം സംബന്ധിച്ച് ധനകാര്യ പരിശോധനാ വിഭാഗം അന്വേഷണം നടത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

## അനുബന്ധം I (ചോദ്യം-ബി)

**കേരള കശുവണ്ടി വികസന കോർപ്പറേഷൻ**

**(രൂപ കോടിയിൽ)**

| ക്രമ നം | സാമ്പത്തിക വർഷം | നവീകരണവും ഭാഗിക യന്ത്രവത്ക്കരണവും | ബ്രാൻഡ് സംസ്ഥാപനം | ലോൺ ഒറ്റത്തവണ തീർപ്പാക്കൽ | ഗ്രാറ്റുവിറ്റി കുടിശ്ശിക വിതരണം | പ്രവർത്തന മൂലധന സഹായം | ഓണം ബോണസ് | കാഷ്യൂ ബോർഡ് ഓഹരി മൂലധനം |
|---|---|---|---|---|---|---|---|---|
| 1 | 2011-12 | 8.75 | | | | 20 | | |
| 2 | 2012-13 | 7.9 | | | | 30 | | |
| 3 | 2013-14 | | 1 | | | 60.7 | | |
| 4 | 2014-15 | | | | | 28 | | |
| 5 | 2015-16 | | | | | 60 | | |
| 6 | 2016-17 | | | 80 | | 60 | | |
| 7 | 2017-18 | 40 | 0.5 | | | 35 | 10 | |
| 8 | 2018-19 | | | | 16.5 | 2.5 | | 15 |
| 9 | 2019-20 | | | | 11 | 5 | | |
| 10 | 2020-21 | 13.5 | 0.25 | | 36.5 | | | |
| | | 70.15 | 1.75 | 80 | 64 | 301.2 | 10 | 15 |

## അനുബന്ധം II

**കാപ്പക്സ്**

| വർഷം | സർക്കാർ സാമ്പത്തിക സഹായം (രൂപ കോടിയിൽ) |
|---|---|
| 2011-12 | 18.75 |
| 2012-13 | 23.00 |
| 2013-14 | 25.30 |
| 2014-15 | 20.00 |
| 2015-16 | 10.00 |
| 2016-17 | 4.00 |
| 2017-18 | 24.55 |
| 2018-19 | 17.61 |
| 2019-20 | Nil |
| 2020-21 | 4.69 |